**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1841** **04-02-2026-ൽ മറുപടിയ്ക്ക്**

**<u>കോട്ടയം മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ കോട്ടയം മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ കോട്ടയം മണ്ഡലം ഉൾപ്പെടുന്ന കോട്ടയം ജില്ലയിൽ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സാമൂഹ്യനീതി ഡയറക്ടറേറ്റ്, കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (NISH) എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.

**(ബി)** പ്രസ്തുത പദ്ധതികളിൽ പൂർത്തിയായ പദ്ധതികൾ ഏതൊക്കെയെന്നും ഇനി പൂർത്തിയാകാനുള്ളവ ഏതൊക്കെയെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

**(സി)** അവയിൽ പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

**<u>മറുപടി:</u>** വിശദാംശങ്ങൾ അനുബന്ധം-III ആയി ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം -I

## സാമൂഹ്യനീതി ഡയറക്ടറേറ്റ്

സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന ജില്ലാ അടിസ്ഥാനത്തിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. കോട്ടയം ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1)പരിണയം**– ഭിന്നശേഷിമൂലം സാമ്പത്തിക ക്ലേശമനുഭവിക്കുന്നവരുടെ പെൺമക്കളെയും/ഭിന്നശേഷിയുള്ള പെൺകുട്ടികളെയും നിയമാനുസൃതം വിവാഹം ചെയ്തയയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായമായി ഗുണഭോക്താക്കൾക്ക് ഒറ്റ തവണ ധനസഹായമായി 30,000/ രൂപ വിതരണം ചെയ്യുന്ന പദ്ധതി.

**2) ഇംപ്രസ്റ്റ് മണി** – പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന അനാഥർക്കും അശരണർക്കും ആഹാരം, വസ്ത്രം, വൈദ്യസഹായം മറ്റു അടിയന്തിര സേവനങ്ങൾ എന്നിവ നൽകി അവരെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ള പദ്ധതിയാണ് ഇംപ്രസ്റ്റ് മണി.

**3) ഭിന്നശേഷിക്കാർക്കുള്ള സഹായോപകരണ വിതരണം** – സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുള്ള അംഗപരിമിതർക്ക് വൈകല്യം മറികടക്കാൻ ഉതകുന്ന നൂതന സാങ്കേതിക ഉപകരണങ്ങളായ Joy stick Operated Wheel Chair, Smart Phone with Screen Reader, Daisy Player, Cerebral Palsy Wheel Chair, Talking Calculator എന്നിവ നൽകുന്ന പദ്ധതി

**4) മാതൃജ്യോതി** – ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് മുഖേന പ്രതിമാസം 2,000/- രൂപ ക്രമത്തിൽ കുഞ്ഞിന് 2 വയസ്സ് ആകുന്നതുവരെ ധനസഹായം അനുവദിക്കുന്ന പദ്ധതി .

**5) വിദ്യാകിരണം** – സാമ്പത്തിക പരാധീനത മൂലം ദുരിതമനുഭവിക്കുന്ന ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ (രണ്ടു പേരും/ ആരെങ്കിലും ഒരാൾ) മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി.

**6) വിദ്യാജ്യോതി** – ഭിന്നശേഷിയുള്ള കുട്ടികളെ വിദ്യാഭ്യാസപരമായി ഉയർച്ചയിലേയ്ക്ക് നയിച്ച് സാമൂഹ്യാടിസ്ഥാത്തിൽ മുന്നോട്ട് നയിക്കുന്നതിനായി സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന 40% -മോ അതിന് മുകളിലോ ഭിന്നശേഷിയുള്ള

വിദ്യാർത്ഥികൾക്ക് യുണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ധനസഹായം നൽകുന്ന പദ്ധതി.

7) **സ്വാശ്രയ** – തീവ്ര ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കുന്ന ബി.പി.എൽ കുടുംബത്തിൽപ്പെട്ട മാതാവിന്/രക്ഷകർത്താവിന് സ്വയംതൊഴിൽ ആരംഭിക്കുന്നതിന് ഒറ്റത്തവണയായി 35,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി.

8) **കാഴ്ച്ചവൈകല്യമുള്ള അഭിഭാഷകർക്കായുള്ള റീഡേഴ്സ് അലവൻസ്** **–** സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടീസ് നടത്തുന്ന കാഴ്ച്ച വൈകല്യം ബാധിച്ച അഭിഭാഷകരുടെ വായനാസഹായിക്കുള്ള റീഡേഴ്സ് അലവൻസ് ആയി പ്രതിമാസം 5000/- ധനസഹായം നൽകുന്ന പദ്ധതി. അഭിഭാഷകർക്ക് നിയമപുസ്തകം, പ്രൊഫഷനൽ സ്യൂട്ട് വാങ്ങുന്നതിലേയ്ക്കായി എക്സ്ഗ്രേഷ്യ നോൺ റെക്കറിംഗ് ഫണ്ടായി ഒറ്റതവണ 3500/ രൂപ അനുവദിക്കുന്നതാണ്.

**9) പരിരക്ഷ** – അടിയന്തര സാഹചര്യങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സ്ത്രീ /പുരുഷ/ ട്രാൻസ്ജെൻഡർ ഭേദമന്യേ എല്ലാ അംഗപരിമിതർക്കും അടിയന്തര പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തര ശസ്ത്രക്രിയ, ആംബുലൻസ് സേവനം, വസ്ത്രം, ഭക്ഷണം നൽകൽ, ഉപേക്ഷിക്കപ്പെട്ട നിലയിലും അലഞ്ഞു തിരിഞ്ഞു കാണപ്പെടുന്നതുമായ അംഗപരിമിതരെ സുരക്ഷിതമായി പുനരധിവാസകേന്ദ്രത്തിൽ എത്തിക്കൽ, പ്രകൃതി ദുരന്തത്തിന് ഇരയാകുന്ന അംഗപരിമിതർക്ക് അടിയന്തര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകൽ, ആസിഡ് ആക്രമണമോ മറ്റ് ഗുരുതര പൊള്ളൽ ഏൽക്കുക എന്നിവയ്ക്ക് അടിയന്തിര വൈദ്യസഹായം നൽകൽ എന്നിവ ഉറപ്പ് വരുത്തുന്ന പദ്ധതി.

10) **വിജയാമൃതം** – വൈകല്യത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി/വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി/തത്തുല്യ കോഴ്സ്, ബിരുദാനന്തര ബിരുദം / പി.ജിക്ക് തത്തുല്യമായ പ്രൊഫഷണൽ കോഴ്സുകൾ എന്നീ തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ്, മൊമന്റോ എന്നിവ നൽകുന്ന പദ്ധതി.

**11) നിരാമയ ഇൻഷുറൻസ്** – സംസ്ഥാനത്തെ അംഗപരിമിതർക്ക് 1 ലക്ഷം രൂപ വരെ വാർഷിക ചികിത്സാ ചെലവ്/ആരോഗ്യ ഇൻഷുറൻസ് നൽകുന്നതിനുള്ള പദ്ധതി. പദ്ധതിയിൽ ചേരുന്നതിന് ബി.പി.എൽ വിഭാഗം 250 രൂപയും, എ.പി.എൽ വിഭാഗം 500 രൂപയും പ്രീമിയം തുക അടക്കണം. കേരളത്തിൽ ഈ പ്രീമിയം തുക സംസ്ഥാന

സർക്കാർ സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ വഴി അടക്കുന്നു. എല്ലാ വർഷവും എപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് പദ്ധതി കാലാവധി.

**12) സഹചാരി–** പരസഹായം ആവശ്യമായ ഭിന്നശേഷിക്കാരായ കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനത്തിലും മറ്റ് കാര്യ നിർവ്വഹണങ്ങളിലും സഹായിക്കുന്ന/പ്രോത്സാഹിപ്പിക്കുന്ന NSS/NCC/SPC യൂണിറ്റിനെ ആദരിക്കുന്നതിനുള്ള പദ്ധതി. ജില്ലയിൽ നിന്നും തിരഞ്ഞെടുക്കുന്ന 3 യുണിറ്റുകൾക്ക് പ്രോത്സാഹനമായി ക്യാഷ് അവാർഡ് നൽകുന്നതോടൊപ്പം പ്രശംസാ പത്രവും മൊമെന്റോയും നൽകി ആദരിക്കുന്നു.

**13) മന്ദഹാസം** – ദാരിദ്ര്യ രേഖക്ക് താഴെയുള്ള പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവരും, അതല്ലെങ്കിൽ ഭാഗീകമായി നഷ്ടപ്പെട്ട് അവശേഷിക്കുന്നവ ഉപയോഗയോഗ്യമല്ലാത്തതിനാൽ പറിച്ചുനീക്കേണ്ട അവസ്ഥയിലുള്ളതുമായ 60 വയസ്സ് തികഞ്ഞ വയോജനങ്ങൾക്ക് കൃത്രിമ ദന്തങ്ങളുടെ പൂർണസെറ്റ് (denture) സൗജന്യമായി വച്ചു കൊടുക്കുന്ന പദ്ധതി .

**14) സായംപ്രഭാ ഹോം** – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ കൊടുത്തുകൊണ്ട് അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതി. ബന്ധപ്പെട്ട പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷനിലെ 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് പഞ്ചായത്ത് തലത്തിൽ പകൽ ഒത്തുകൂടുന്നതിന് സൗകര്യമൊരുക്കുക. വൃദ്ധജനങ്ങൾക്ക് മാനസിക ശാരീരിക ഉല്ലാസത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. വൃദ്ധ പരിപാലന നിയമങ്ങളെയും, മാനസികവും ശാരീരികവും ആരോഗ്യകരവുമായ വിഷയങ്ങളെയും സംബന്ധിച്ച് ആഴ്ചയിൽ ഒരു ദിവസം ഏതെങ്കിലും നിയമ വിദഗ്ദ്ധർ, പോലീസ് ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ, സൈക്കോസോഷ്യൽ കൗൺസിലർമാർ എന്നിവർ മുഖാന്തിരം ക്ലാസുകൾ സംഘടിപ്പിക്കുക. മാനസിക ശാരീരിക ഉല്ലാസത്തിന് ഉതകുന്ന യോഗ ക്ലാസുകൾ ആഴ്ചയിൽ ഒരു ദിവസമെങ്കിലും സംഘടിപ്പിക്കുക. ശാരീരിക പരിരക്ഷയ്ക്കു ആവശ്യമായ മെഡിക്കൽ പരിശോധന കൃത്യമായ കാലയളവുകളിൽ നടത്തുക. പോഷകാഹാരക്കുറവുള്ള വൃദ്ധജനങ്ങൾക്ക് 2 നേരമെങ്കിലും പഞ്ചായത്തുകളുടെ സഹായത്തോടെ ഭക്ഷണം എത്തിച്ച് കൊടുക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ .

**15) വയോമധുരം** – ബി.പി.എൽ വിഭാഗത്തിലെ പ്രമേഹ രോഗികളായ വയോജനങ്ങൾക്കായി രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് നിർണ്ണയിക്കുന്ന ഗ്ലൂക്കോമീറ്റർ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി

16) **വയോരക്ഷ** :- സാമൂഹിക-സാമ്പത്തിക ശാരീരികമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതും ആരുടേയും തുണയും കരുതലും സഹായവുമില്ലാതെ ജീവിക്കുന്നതും, ശാരീരികമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതും, പങ്കാളികൾ മരണപ്പെട്ട് ഒറ്റയ്ക്ക് ജീവിക്കുന്നതുമായ മുതിർന്ന പൗരന്മാർക്ക് അടിയന്തിര വൈദ്യസഹായം നൽകുക, വയോജനങ്ങളുടെ പുനരധിവാസം ഉറപ്പുവരുത്തുക, കെയർ ഗിവർമാരുടെ സഹായം ഉറപ്പുവരുത്തുക, അത്യാവശ്യഘട്ടങ്ങളിൽ നിയമ സഹായങ്ങൾ എത്തിക്കുക എന്നിവ ഉറപ്പുവരുത്തുന്ന പദ്ധതി .

17) **ട്രാൻസ്ജെൻഡർ ഹോസ്റ്റൽ ഫീ** :- കുടുംബത്തിന്റെ പിന്തുണ നഷ്ടപ്പെട്ട് വീടിനു പുറത്തു പോകേണ്ടി വരുന്ന ട്രാൻസ്ജൻഡർ വിദ്യാർത്ഥികൾക്ക് പഠനം തുടരുന്നതിനായി അനുയോജ്യമായ താമസ സൗകര്യം ഉറപ്പു വരുത്തുന്നതിനും മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങളൊരുക്കി അവരുടെ വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിനും പ്രതിമാസം 4000/- രൂപ ഹോസ്റ്റൽ ഫീ /താമസ സൗകര്യം ലഭ്യമാക്കുന്ന പദ്ധതി .

18) **ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്** - സ്കൂളുകളിൽ/കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി . പ്രസ്തുത പദ്ധതി പ്രകാരം സ്കൂൾതലം മുതൽ പ്രൊഫെഷണൽ ഡിഗ്രീ തലം വരെയുള്ള ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഈ ധനസഹായം നൽകിവരുന്നു.

19)**കരുതൽ പദ്ധതി** - ട്രാൻസ്ജെൻഡർ വ്യക്തികൾ ലിംഗമാറ്റ ശസ്ത്രക്രിയയുടെ ഭാഗമായും, ഹോർമോൺ ചികിത്സകളെ തുടർന്നു വരുന്ന പ്രതിസന്ധികൾ, അപകടങ്ങൾ, പെട്ടെന്നുണ്ടാകുന്ന അസുഖങ്ങൾ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ ഉടൻ സഹായം ലഭ്യമാക്കുന്ന പദ്ധതി.

20) **മിശ്രവിവാഹ ധനസഹായം** - പട്ടികജാതി/പട്ടികവർഗ്ഗം ഒഴികെ മിശ്രവിവാഹം ചെയ്യുത് മൂലം സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്ന ദമ്പതിമാർക്ക് 30,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി

## കേരള സംസ്ഥാന ഭിന്നശേഷി കോർപ്പറേഷൻ

**കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷന്റെ പദ്ധതി പ്രവർത്തനങ്ങൾ സംസ്ഥാന അടിസ്ഥാനത്തിലാണ് നടപ്പാക്കി വരുന്നത്. ആയതിനാൽ മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല. കോർപ്പറേഷനിൽ ലഭ്യമായ വിശദാംശങ്ങൾ പരിശോധിച്ചതിൽ വിവിധ പദ്ധതികൾ, ഗുണഭോക്താക്കളുടെ എണ്ണം, തുക എന്നിവ സംബന്ധിച്ച കോട്ടയം ജില്ലയുടെ കണക്കിന്റെ വിശദവിവരം ഇതോടൊപ്പം ചേർക്കുന്നു.**

| | | | |
|---|---|---|---|
| | | | |

| ജില്ല | വായ്പ പദ്ധതി-സ്വയം തൊഴിൽ /വിദ്യാഭ്യാസ/ഭവന/വാഹന (2021-22 മുതൽ 28/01/2026) | | ആശ്വാസം പദ്ധതി (2023-24 to 2025-26) | | 'ഹസ്തദാനം' പദ്ധതി (2023-24 to 2025-26) | |
|---|---|---|---|---|---|---|
| | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (തുക ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (തുക ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (തുക ലക്ഷത്തിൽ) |
| കോട്ടയം | 66 | 205.07 | 31 | 3.35 | 24 | 3.3 |

## കേരള സാമൂഹ്യസുരക്ഷാമിഷൻ

സംസ്ഥാനത്ത് അവശത അനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങളായ വയോജനങ്ങൾ, സ്ത്രീകൾ, കുട്ടികൾ, മാരക രോഗം ബാധിച്ചവർ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്ക് ആശ്വാസം പകരുന്ന വിവിധ പദ്ധതികൾ സംസ്ഥാനാടിസ്ഥാനത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. ടി പദ്ധതികളുടെ നടത്തിപ്പ് സംസ്ഥാനാടിസ്ഥാനത്തിൽ ആയതിനാൽ പദ്ധതികളുടെ മണ്ഡല/പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**1. <u>ആശ്വാസകിരണം പദ്ധതി</u> :** ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാംവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം പദ്ധതി. 2010 ലാണ് പദ്ധതി ആരംഭിച്ചത്. നിലവിൽ 600/- രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ച് വരുന്നത്. അടുത്ത സാമ്പത്തിക വർഷം മുതൽ 1000 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെ ആശ്വാസകിരണം പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2021 – 2022 | 4000 ലക്ഷം | 4000 ലക്ഷം | 4000 ലക്ഷം | 96086 |
| 2022 – 2023 | 4250 ലക്ഷം | 2500 ലക്ഷം | 2421.09 ലക്ഷം | 38104 |
| 2023 – 2024 | 5400 ലക്ഷം | 1500 ലക്ഷം | 1499.96 ലക്ഷം | 19229 |
| 2024 – 2025 | 5000 ലക്ഷം | 3764 ലക്ഷം | 3763.99 ലക്ഷം | 28411 |
| 2025 – 2026 | 5000 ലക്ഷം | 1750 ലക്ഷം | 1611 ലക്ഷം | 24591 |
| **ആകെ** | **23650 ലക്ഷം** | **13514 ലക്ഷം** | **13296.04 ലക്ഷം** | |

**2. സ്നേഹസ്പർശം പദ്ധതി** : ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിയ്ക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സ്നേഹസ്പർശം പദ്ധതി. നിലവിൽ 2000/- രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ചു വരുന്നത്.

2) ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെ സ്നേഹസ്പർശം പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 2021 – 2022 | 200 ലക്ഷം | 200 ലക്ഷം | 200 ലക്ഷം | 1483 |
| 2022 – 2023 | 200 ലക്ഷം | 200 ലക്ഷം | 200 ലക്ഷം | 538 |
| 2023 – 2024 | 200 ലക്ഷം | 156.9 ലക്ഷം | 148.92 ലക്ഷം | 567 |
| 2024 – 2025 | 150 ലക്ഷം | 120 ലക്ഷം | 120 ലക്ഷം | 588 |
| 2025 – 2026 | 150 ലക്ഷം | 78.75 ലക്ഷം | 78.54 ലക്ഷം | 342 |

| | | | | |
|---|---|---|---|---|
| ആകെ | 900 ലക്ഷം | 755.65 ലക്ഷം | 747.46 ലക്ഷം | |

**3. എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ**

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസത്തിന് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(എ). ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയുടേയും മെഡിക്കൽ ക്യാമ്പിന്റെയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച് നൽകിയ ദുരിതബാധിതരുടെ ലിസ്റ്റ് പ്രകാരം ദീർഘകാല ചികിൽസ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരായ മറ്റുള്ളവർക്ക് 1200/- രൂപ വീതവും പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സ്നേഹസാന്ത്വനം പദ്ധതി.

(ബി). കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതുടെ ഗണത്തിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി. നിലവിൽ 700/- രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ചു വരുന്നത്.

(സി). എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്ന പദ്ധതി. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 മുതൽ പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7 വരെയുള്ള ക്ലാസ്സുവരെയുള്ള കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുവരെയുള്ളവർക്ക് 3000/- രൂപ വീതവും 11,12 ക്ലാസ്സുകളിലുള്ളവർക്ക് 4000/- രൂപ വീതവും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

(ഡി). കാസർഗോഡ് ജില്ലയിലെ പെരിയ, കാറഡുക്ക, മൂളിയാർ, കയ്യൂർ ചീമേനി, ബെള്ളൂർ, കുമ്പഡാജെ എന്നീ 6 ബഡ്സ് സ്കൂളുകളെ മാതൃക ശിശു വികസന കേന്ദ്രങ്ങളാക്കി

ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ ആവശ്യമായ ഫർണിച്ചറുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും ആവശ്യമായ ജീവനക്കാരെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള, എൻമകജെ, പനത്തടി, ബദിയടുക്ക, കല്ലാർ എന്നീ പഞ്ചായത്തുകളിലെ 4 ബഡ്സ് സ്കൂളുകൾ കൂടി ഏറ്റെടുത്ത് സാമൂഹ്യ സുരക്ഷാ മിഷന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ കേന്ദ്രങ്ങളിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ സിഡ്കോയിൽ നിന്നും മറ്റ് തെറാപ്പി ഉപകരണങ്ങൾ നിപ്മറിൽ നിന്നും വാങ്ങിയിട്ടുണ്ട്. മേൽ 10 MCRC കളിൽ Solar Plant സ്ഥാപിക്കുന്നതിന് ANERT മായി ചേർന്ന് കൊണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെ സ്നേഹസാന്ത്വനം പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താ ക്കളുടെ എണ്ണം |
|---|---|---|---|---|
| 2021 – 2022 | 1900 ലക്ഷം | 1900 ലക്ഷം | 1307.65 ലക്ഷം | 6941 |
| 2022 – 2023 | 1700 ലക്ഷം | 1700 ലക്ഷം | 1240.96 ലക്ഷം | സ്നേഹസാന്ത്വനം – 5376<br>സ്പെഷ്യൽ ആശ്വാസകിരണം – 804<br>വിദ്യാഭ്യാസ ധനസഹായം – 684 |
| 2023 – 2024 | 1700 ലക്ഷം | 1605 ലക്ഷം | 1287.31 ലക്ഷം | സ്നേഹസാന്ത്വനം – 5304<br>സ്പെഷ്യൽ ആശ്വാസകിരണം – 776<br>വിദ്യാഭ്യാസ ധനസഹായം – 440 |
| 2024 – 2025 | 2077 ലക്ഷം | 2048.23 ലക്ഷം | 2003.38 ലക്ഷം | സ്നേഹസാന്ത്വനം – 5250<br>സ്പെഷ്യൽ ആശ്വാസകിരണം – 771<br>വിദ്യാഭ്യാസ |

| | | | | |
|---|---|---|---|---|
| | | | | ധനസഹായം – 356 |
| 2025 – 2026 | 1700 ലക്ഷം | 1337.18 | 834.58 | സ്നേഹസാന്ത്വനം – 5215 സ്പെഷ്യൽ ആശ്വാസകിരണം – 771 വിദ്യാഭ്യാസ ധനസഹായം – NIL (അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്) |
| **ആകെ** | **9077 ലക്ഷം** | **8590.41 ലക്ഷം** | **6673.88 ലക്ഷം** | |

**4. വയോമിത്രം പദ്ധതി :** സംസ്ഥാനത്തെ മുനിസിപ്പൽ/ കോർപ്പറേഷനുകൾ/ ബ്ലോക്കുകളിൽ താമസിക്കുന്ന 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് സമ്പൂർണ ആരോഗ്യ പരിരക്ഷയും മാനസിക ഉന്മേഷവും നൽകുന്ന വയോമിത്രം പദ്ധതി കേരള സാമൂഹിക സുരക്ഷാ മിഷൻ നടപ്പിലാക്കുന്നു. നിലവിൽ 95 യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ടി പദ്ധതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വയോജനങ്ങൾക്ക് ഹെല്പ് ഡെസ്ക് സേവനം, വയോജനങ്ങൾക്കുള്ള കൗൺസിലിങ്, മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ പരിശോധന മരുന്ന് വിതരണം, പാലിയേറ്റീവ് കെയർ, വാതിൽപ്പടി സേവനം, മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ എന്നിവ നൽകി വരുന്നു. ഇതിന് പുറമെ മുതിർന്ന പൗരന്മാർക്ക് മാനസിക ഉല്ലാസം പ്രദാനം ചെയ്യാനുള്ള പരിപാടികൾ, വിവിധ ദിനാചരണങ്ങൾ, സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും വയോമിത്രം വഴി നടപ്പിലാക്കുന്നു. ജനകീയ പങ്കാളിത്തത്തോടുകൂടി വയോമിത്രത്തെ നഗര പ്രദേശങ്ങളിലെ മുതിർന്ന പൗരൻമാരുടെ കൂട്ടായ്മയായി വളർത്താനുള്ള ശ്രമങ്ങൾ മിഷൻ നടത്തി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെ വയോമിത്രം പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | പ്രോജക്റ്റുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2021-2022 | 4708.6 ലക്ഷം (2400 ലക്ഷം + 2308.60 ലക്ഷം SDG) | 4708.6 ലക്ഷം (2400 ലക്ഷം + 2308.60 ലക്ഷം SDG) | 4707.25 ലക്ഷം | 95 | 278623 |
| 2022-2023 | 2750 ലക്ഷം | 2365 ലക്ഷം | 2364.92 ലക്ഷം | 95 | 289030 |
| 2023-2024 | 2750 ലക്ഷം | 2750 ലക്ഷം | 1975.55 ലക്ഷം | 95 | 290030 |
| 2024-2025 | 2750 ലക്ഷം | 2200 ലക്ഷം | 1727.67 ലക്ഷം | 95 | 290590 |
| 2025-2026 | 2750 ലക്ഷം | 1962.5 ലക്ഷം | 1005.53 ലക്ഷം | 95 | 290590 |
| **ആകെ** | **15708.6 ലക്ഷം** | **13986.1 ലക്ഷം** | **11780.92 ലക്ഷം** | | |

**5. സ്നേഹപൂർവ്വം പദ്ധതി :** മാതാപിതാക്കൾ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണ് സ്നേഹപൂർവ്വം പദ്ധതി. ഇത്തരം കുട്ടികൾ അനാഥാലയങ്ങളിൽ എത്തിപ്പെടാതെ സ്വഭവനങ്ങളിലോ ബന്ധുഗൃഹങ്ങളിലോ താമസിച്ച് അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. മാതാപിതാക്കൾ ജീവിച്ചിരിപ്പുള്ള എച്ച്. ഐ.വി ബാധിതരായ കുട്ടികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കും 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 300/- രൂപ വീതവും 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 500/- രൂപ വീതവും 11, 12 എന്നീ ക്ലാസ്സുകളിലും ഐ.ടി.ഐ, പോളിടെക്നിക് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 750/- രൂപ വീതവും ഡിഗ്രി, പ്രൊഫഷണൽ കോഴ്സ് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 1000/- രൂപ വീതവുമാണ് ധനസഹായം അനുവദിക്കുന്നത്. ഒരു അദ്ധ്യയന വർഷം പരമാവധി പത്ത് മാസത്തെ ധനസഹായമാണ് അനുവദിക്കുന്നത്. ഈ സർക്കാർ

അധികാരത്തിൽ വന്നത് മുതൽ നാളിതുവരെ സ്നേഹപൂർവ്വം പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവായ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 2021-2022 | 4510.30 ലക്ഷം (1700 ലക്ഷം + 2810.30 ലക്ഷം SDG) | 4510.30 ലക്ഷം | 4510.29 ലക്ഷം | 70881 |
| 2022-2023 | 1700 ലക്ഷം | 1105 ലക്ഷം | 1104.99 ലക്ഷം | 21742 |
| 2023-2024 | 1700 ലക്ഷം | 1700 ലക്ഷം | 1700 ലക്ഷം | 57187 |
| 2024-2025 | 1739 ലക്ഷം | 1291 ലക്ഷം | 1291 ലക്ഷം | 44018 |
| 2025-2026 | 2000 ലക്ഷം | 1227.2 ലക്ഷം | 1227.2 ലക്ഷം | 38891 |
| **ആകെ** | **11649.3 ലക്ഷം** | **9833.5 ലക്ഷം** | **9833.48 ലക്ഷം** | |

**6. സമാശ്വാസം പദ്ധതി** : വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവെയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി. ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസം 1100/- രൂപ വീതവും വൃക്ക, കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയുള്ളവർക്ക് പ്രതിമാസം 1000/- രൂപ വീതവും ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/- രൂപ വീതവും നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2000/- രൂപ വീതവും അനുവദിച്ച

വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെ സമാശ്വാസം പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 2021 – 2022 | 500 ലക്ഷം | 500 ലക്ഷം | 499.40 ലക്ഷം | 2662 |
| 2022 – 2023 | 600 ലക്ഷം | 390 ലക്ഷം | 389.99 ലക്ഷം | 2977 |
| 2023 – 2024 | 600 ലക്ഷം | 600 ലക്ഷം | 459.6 ലക്ഷം | 3293 (I – 1788, II – 312, III– 1012 & IV– 181) |
| 2024 – 2025 | 600 ലക്ഷം | 280 ലക്ഷം | 280 ലക്ഷം | 2276 (I – 717, II – 326, III– 1050 & IV– 183) |
| 2025 – 2026 | 600 ലക്ഷം | 210 ലക്ഷം | 203.61 ലക്ഷം | 1825 (I – 593, II – 131, III– 928 & IV– 173) |
| **ആകെ** | **2900 ലക്ഷം** | **1980 ലക്ഷം** | **1832.60 ലക്ഷം** | |

**7. വി കെയർ പദ്ധതി** :

സഹായമർഹിക്കുന്ന ദുർബല ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് കരുതലും സുരക്ഷയും നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച ജീവകാരുണ്യ പദ്ധതിയാണ് വി കെയർ. ഭാരിച്ച ചികിത്സാ ചെലവുകൾക്കും സങ്കീർണ്ണമായ രോഗമുള്ളവർക്കും ആശ്വാസമെത്തിക്കാനാണ് വി കെയർ എന്ന പദ്ധതി. ജീവൻ രക്ഷാ ചികിത്സകൾക്കും ശസ്ത്രക്രിയയ്ക്കും അതോടനുബന്ധിച്ചുള്ള ആശുപ്രതി ചികിത്സാ ചെലവിനും നിബന്ധനകൾക്ക് വിധേയമായും മാനദണ്ഡങ്ങളനുസരിച്ചും ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു.

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് മുൻഗണന നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. വ്യക്തികൾ, സന്നദ്ധ സംഘടനകൾ, ഫൗണ്ടേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, സി.എസ്സ്.ആർ ഫണ്ട് എന്നിവയിൽ നിന്നും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായുള്ള നിക്ഷേപ സമാഹരണം

നടത്തുകയും ഇത്തരത്തിൽ സമാഹരിക്കുന്ന തുക ഉപയോഗിച്ച് ജീവ കാരുണ്യ പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് വി കെയർ പദ്ധതിയുടെ ലക്ഷ്യം. വികെയർ പദ്ധതിയുടെ ഭരണപരമായ ചെലവുകൾക്കായി ബഡ്ജറ്റിൽ തുക അനുവദിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെ വീകെയർ പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2021 – 2022 | 100 ലക്ഷം | 100 ലക്ഷം | 25.10 ലക്ഷം |
| 2022 – 2023 | 100 ലക്ഷം | 100 ലക്ഷം | 16.84 ലക്ഷം |
| 2023 – 2024 | 100 ലക്ഷം | 53 ലക്ഷം | 12.41 ലക്ഷം |
| 2024 – 2025 | 50 ലക്ഷം | 40 ലക്ഷം | 27.84 ലക്ഷം |
| 2025 – 2026 | 30 ലക്ഷം | 21 ലക്ഷം | 16.64 ലക്ഷം |
| **ആകെ** | **380 ലക്ഷം** | **314 ലക്ഷം** | **98.83 ലക്ഷം** |

വികെയർ പദ്ധതി പ്രകാരം സ്വരൂപിച്ച ഫണ്ട് വിനിയോഗിച്ച് ആനുകൂല്യം ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ എണ്ണവും ചെലവഴിച്ച തുകയും ചുവടെ ചേർത്തിട്ടുണ്ട്.

| സാമ്പത്തിക വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2021 – 2022 | 291 | 663.66 ലക്ഷം |
| 2022 – 2023 | 100 | 279.75 ലക്ഷം |
| 2023 – 2024 | 65 | 210.92 ലക്ഷം |
| 2024 – 2025 | 73 | 246.02 ലക്ഷം |
| 2025 – 2026 | 75 | 160.98 ലക്ഷം |
| **ആകെ** | 604 | **1561.33 ലക്ഷം** |

**8. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി :** സംസ്ഥാനത്തെ 40% വൈകല്യം ബാധിച്ച മുഴുവൻ പേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാനരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതിയാണിത്. കൂടാതെ ദേശീയ തലത്തിൽ വൈകല്യമുള്ള വ്യക്തികളുടെ സ്ഥിതി വിവര കണക്കുകൾ ലഭ്യമാക്കുന്നതിനും, ഇവർക്ക് ദേശീയ തലത്തിൽ ഏകീകൃത രൂപത്തിലുള്ള തിരിച്ചറിയൽ കാർഡുകൾ (UDID – Unique ID for Persons with Disabilities) നൽകുന്നതിനുമുള്ള ഒരു പദ്ധതിക്ക് കേന്ദ്ര ഗവൺമെൻറിന്റെ Ministry of Social Justice & Empowerment, Department of Empowerment of Persons with Disabilities രൂപം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ Software ഉം ദേശീയ തലത്തിൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ഈ പദ്ധതി നടപ്പാക്കുന്ന 13 സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെടുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെ ടി പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | വിതരണം ചെയ്ത കാർഡുകളുടെ എണ്ണം | പ്രാദേശിക തല ക്യാമ്പുകളുടെ എണ്ണം |
|---|---|---|---|---|---|
| 2021 – 2022 | 100 ലക്ഷം | 100 ലക്ഷം | 18.04 ലക്ഷം | 26325 | 4 |
| 2022 – 2023 | 100 ലക്ഷം | 62 ലക്ഷം | 46.30 ലക്ഷം | 91511 | 89 |
| 2023 – 2024 | 100 ലക്ഷം | 73 ലക്ഷം | 37.32 ലക്ഷം | 77254 | 122 |
| 2024 - 2025 | 100 ലക്ഷം | 80 ലക്ഷം | 77.44 ലക്ഷം | 53867 | 81 |
| 2025 - 2026 | 100 ലക്ഷം | 100 ലക്ഷം | 3.59 ലക്ഷം | 22699 | |
| **ആകെ** | **500 ലക്ഷം** | **415 ലക്ഷം** | **182.69 ലക്ഷം** | | |

**9. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി):** Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച സമഗ്ര പദ്ധതിയാണ്

മിഠായി പദ്ധതി.  ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംങ്ങും മാതാപിതാക്കൾക്ക് പരിശീനലവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത്പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ  കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക്  ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രികളിൽ ആരംഭിച്ച ഡയബറ്റീസ് സെൻററുകളിൽ ഒരു എം.എസ്.സി നഴ്സിൻറെയും ഡയറ്റീഷ്യൻറെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. മിഠായി ക്ലിനിക് ഇല്ലാതിരുന്ന ജില്ലകളിൽ സാറ്റലൈറ്റ് സെന്ററിന്റെ പ്രവർത്തനം 2022 ഏപ്രിൽ മുതൽ ആരംഭിച്ചു. ഇൻസുലിൻ മരുന്ന്, രക്തത്തിലെ ഗ്ലൂക്കോസ് മോണിറ്റർ ചെയ്യുവാനുള്ള ഉപകരണങ്ങൾ തുടങ്ങിയവ സാറ്റലൈറ്റ് സെന്റർ മുഖേന നൽകി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെ മിഠായി പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 2021 – 2022 | 380 ലക്ഷം | 380 ലക്ഷം | 205.42 ലക്ഷം | 1233 |
| 2022 – 2023 | 380 ലക്ഷം | 380 ലക്ഷം | 378.01 ലക്ഷം | 1469 |
| 2023 – 2024 | 380 ലക്ഷം | 247 ലക്ഷം | 247 ലക്ഷം | 1626 |
| 2024 – 2025 | 380 ലക്ഷം | 380 ലക്ഷം | 377.86 ലക്ഷം | 1906 |
| 2025 – 2026 | 380 ലക്ഷം | 133 ലക്ഷം | 56 ലക്ഷം | 2057 |
| **ആകെ** | **1900 ലക്ഷം** | **1520 ലക്ഷം** | **1264.29 ലക്ഷം** | |

**10. ഡിമൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക്** : സംസ്ഥാന ജനസംഖ്യയുടെ 12.6 ശതമാനം 65 വയസ്സിൽ കൂടുതൽ പ്രായമുള്ളവരാണ്. പ്രായമേറും തോറും വിവിധങ്ങളായ ശാരീരിക ബുദ്ധിമുട്ടുകളും മാനസിക പ്രയാസങ്ങളും പ്രശ്നങ്ങളും വന്നുചേരുന്നു. ഇപ്രകാരമുള്ള പ്രയാസങ്ങളിൽ ഏറെ പ്രാധാന്യമുള്ളതും ഗൗരവമായ വ്യക്തിഗത സാമൂഹ്യ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതുമായ ഒരു അവസ്ഥയാണ് മേധാക്ഷയം അഥവാ ഓർമ്മക്കുറവ്. ഇത് പ്രായത്തിന്റെ സ്വാഭാവിക പരിണാമം എന്ന രീതിയിൽ

ഡോക്ടർമാരെ കാണുകയോ പ്രതിവിധികൾ തേടുകയോ ചെയ്യാറില്ല. ഡിമെൻഷ്യ ഉൾപ്പെടെയുള്ള പല ബുദ്ധിമുട്ടുകളും പ്രധാനമായും പ്രായം മൂലമാണ് ഉണ്ടാകുന്നത് എങ്കിൽപോലും ഇവ നേരത്തെ കണ്ടുപിടിക്കുകയും അനുയോജ്യമായ ഇടപെടലുകളും ഔഷധങ്ങളും നൽകുന്നതിലൂടെ ഇത്തരം അവസ്ഥയുടെ വളർച്ച കുറയ്ക്കാനും ഓർമ്മക്കുറവുമൂലം ഉണ്ടാകുന്ന പെരുമാറ്റമാറ്റങ്ങളുടെ തീവ്രത കുറയ്ക്കാനും കഴിയുമെന്ന് പഠനങ്ങൾതെളിയിച്ചിട്ടുണ്ട്.

ഡിമൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം സാമൂഹ്യ പ്രശ്നമായി കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ***ഡിമൻഷ്യ സൗഹൃദ കേരളം*** എന്ന ഒരു നൂതന പദ്ധതിക്ക് സാമൂഹ്യനീതി വകുപ്പ് തുടക്കം കുറിക്കുകയും ചെയ്തിരിക്കുകയാണ്. **'ഓർമ്മത്തോണി'** എന്ന പേര് നൽകിയിരിക്കുന്ന ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ആരോഗ്യ സർവകലാശാല തുടങ്ങിയവയുടെ സഹകരണത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് നടപ്പാക്കുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടമായി വയോമിത്രം ഗുണഭോക്തക്കൾക്കിടയിൽ സ്ക്രീനിംഗ് നടത്തുന്നതിനു വേണ്ട നടപടികൾ മിഷൻ സ്വീകരിക്കുന്നു. ഇതിന്റെ ഭാഗമായി വയോമിത്രം ജീവനക്കാർക്ക് 8 ഘട്ടമായി വേണ്ട ട്രെയിനിംഗ് നൽകുകയും, IEC പ്രവർത്തനങ്ങളുടെ ഭാഗമായി ബുക്ക്ലെറ്റ് പ്രിന്റ് ചെയ്തു വിതരണം ചെയ്തിട്ടുണ്ട്. ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് KMSCL നു 15 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതോടൊപ്പം നഗരസഭ പ്രദേശത്ത് മുതിർന്നവർക്കിടയിൽ സ്ക്രീനിംഗ് നടത്തുന്നതിന് ആശാ പ്രവർത്തകർക്ക് ട്രെയിനിംഗ് നൽകുന്നതാണ്.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | സ്ക്രീനിംഗ് നടത്തിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 2023 – 2024 | 100 ലക്ഷം | 92.12 ലക്ഷം | 12.39 ലക്ഷം | 0 |
| 2024 – 2025 | 100 ലക്ഷം | 30 ലക്ഷം | 17.67 ലക്ഷം | 238 |
| 2025 – 2026 | 100 ലക്ഷം | 35 ലക്ഷം | NIL | 24221 |
| **ആകെ** | **300 ലക്ഷം** | **157.12 ലക്ഷം** | **30.06 ലക്ഷം** | |

## സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്

സാമൂഹ്യ നീതി വകുപ്പിൻ കീഴിൽ സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലറ്റിസ് ഭിന്നശേഷിക്കാർക്കായി സംസ്ഥാന അടിസ്ഥാനത്തിലാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

1. സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് കോട്ടയം ജില്ലയിൽ നവജാത ശിശുക്കളുടെ കേൾവി പരിശോധനക്കായി ICH കോട്ടയം, ഗവ. ജില്ലാ ഹോസ്പ്പിറ്റൽ, കോട്ടയം, ഗവ.ജനറൽ ഹോസ്പ്പിറ്റൽ, പാലാ, കോട്ടയം, ഗവ.താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പ്പിറ്റൽ, വൈക്കം, കോട്ടയം എന്നീ ആശുപത്രികളിൽ കാതോരം പദ്ധതി നടപ്പിലാക്കി വരുന്നു.

2. വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെർ (REIC) പ്രവർത്തനം നടന്നുവരുന്നു. ഏർളി ഇന്റെർവെൻഷൻ, തെറാപ്പി, പരിശീലനങ്ങൾ തുടങ്ങിയവ ഈ സെന്ററുകളിലൂടെ ലഭ്യമാക്കുന്നു.

3. ഓട്ടിസം ബാധിച്ച കുട്ടികൾക്കായി സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. പീഡിയാട്രീഷ്യൻ, ഓഡിയോളജിസ്റ്റ്, സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെൻറ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് സ്പെഷ്യൽ എഡ്യുക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം കോട്ടയം മെഡിക്കൽ കോളേജിൽ ലഭ്യമാണ്.

4. വിവിധങ്ങളായ വൈകല്യം വളർച്ചാ വികാസ താമസം ഉള്ള കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ലഭ്യമാക്കി വൈകല്യത്തിന്റെ തീവ്രത കുറയ്ക്കുന്നതിനായി ജില്ലാ ആസ്ഥാനത്തെ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ എത്തി തെറാപ്പി ലഭ്യമാക്കുന്നതിന് പ്രായോഗികമായ പ്രയാസം നേരിടുന്നതിനാൽ, ഇത് പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ 6 ബ്ലോക്കുകൾക്ക് ഒന്ന് എന്ന തോതിൽ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു.

കോട്ടയം ജില്ലയിൽ ജനറൽ ഹോസ്പ്പിറ്റൽ കാഞ്ഞിരപ്പള്ളി, THQH വൈക്കം കോട്ടയം എന്നീ ഹോസ്പ്പിറ്റലുകൾ കേന്ദ്രീകരിച്ച് 12 ബ്ലോക്കുകളിൽ MIU സേവനം ലഭ്യമാക്കി വരുന്നു. പ്രസ്തുത പദ്ധതികൾ എല്ലാം തന്നെ കോട്ടയം മണ്ഡലത്തിൽ മാത്രമല്ല കോട്ടയം ജില്ലയിലുള്ള എല്ലാവർക്കും പ്രയോജനപ്പെട്ടു വരുന്നു.

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (NISH)

നിഷിന്റെ സേവനം മധ്യകേരളത്തിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി, കോട്ടയം ജില്ലയിലെ ഉഴവൂർ ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന കാണക്കാരി പഞ്ചായത്തിൽ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ഉള്ള കുട്ടികൾക്കായി പാരന്റ് അസിസ്റ്റഡ് കമ്മ്യൂണിക്കേഷൻ ആൻഡ് ലിറ്ററസി പ്രോഗ്രാം (പരിവർത്തൻ) എന്ന പേരിൽ ഒരു പുതിയ സംരംഭം നടപ്പിലാക്കി വരുന്നു. ഓട്ടിസം സ്പെക്ട്രം ഡിസോർഡേഴ്സ് ഉള്ള കുട്ടികളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ വരുത്താൻ ലക്ഷ്യമിട്ടുള്ള ഈ പരിവർത്തൻ പദ്ധതി കോട്ടയം ജില്ലയിലെ ഉഴവൂർ ബ്ലോക്കിന് കീഴിലുള്ള കാനക്കരി പഞ്ചായത്തിൽ പ്രവർത്തനസജ്ജമായിരിക്കുന്നു.

## അനുബന്ധം-II

## സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയവയിൽ പൂർത്തിയായ പദ്ധതികൾ, പൂർത്തിയാകാനുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

### 1.സാമൂഹ്യനീതി ഡയറക്ടറേറ്റ്

സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ തുടർപദ്ധതികളായാണ് നടപ്പിലാക്കി വരുന്നത്.

### 2.ഭിന്നശേഷി ക്ഷേമകോർപ്പറേഷൻ:

കോർപ്പറേഷന്റെ പദ്ധതികളെല്ലാം തുടർ പദ്ധതികളാണ്. ഓരോ സാമ്പത്തിക വർഷവും ലഭിക്കുന്ന അപേക്ഷകൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തീർപ്പാക്കുകയാണ് ചെയ്തു വരുന്നത്.

### 3.കേരള സാമൂഹ്യ സുരക്ഷാമിഷൻ:

കേരള സാമൂഹ്യ സുരക്ഷാമിഷൻ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളെല്ലാം തന്നെ തുടർ പദ്ധതികളാണ്. ടി പദ്ധതികൾക്ക് ഓരോ സാമ്പത്തിക വർഷവും ലഭിക്കുന്ന ബജറ്റ് വിഹിതം വിനിയോഗിച്ച് ഗുണഭോക്താക്കൾക്ക് അതാത് വർഷത്തെ ആനുകൂല്യങ്ങൾ അനുവദിക്കുന്നു.

### 4.സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്

സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എല്ലാം തന്നെ തുടർന്നു വരുന്ന പദ്ധതികൾ ആണ്.

സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റിസ് മുഖേന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിനായുള്ള (DEIC) കെട്ടിടനിർമ്മാണ പദ്ധതി കോട്ടയം ജില്ലാ ആശുപത്രിയിൽ അനുവദിച്ച ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് തുടർപദ്ധതികള സ്വീകരിക്കുന്നതിനായി ആരോഗ്യ വകുപ്പിൽ നിന്നും സ്ഥലം PWD-ക്ക് കൈമാറേണ്ടതുണ്ട്.

### 5.നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (NISH)

നിഷിന്റെ സേവനം മധ്യകേരളത്തിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി, കോട്ടയം ജില്ലയിലെ ഉഴവൂർ ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന കാണക്കാരി പഞ്ചായത്തിൽ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ഉള്ള കുട്ടികൾക്കായി പാരന്റ് അസിസ്റ്റഡ് കമ്മ്യൂണിക്കേഷൻ ആൻഡ് ലിറ്ററസി പ്രോഗ്രാം (പരിവർത്തൻ) എന്ന പേരിൽ ഒരു പുതിയ സംരംഭം നടപ്പിലാക്കി വരുന്നു. ഓട്ടിസം സ്പെക്ട്രം ഡിസോർഡേഴ്സ് ഉള്ള കുട്ടികളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ വരുത്താൻ ലക്ഷ്യമിട്ടുള്ള ഈ പരിവർത്തൻ പദ്ധതി കോട്ടയം ജില്ലയിലെ ഉഴവൂർ ബ്ലോക്കിന് കീഴിലുള്ള കാനക്കരി പഞ്ചായത്തിൽ പ്രവർത്തനസജ്ജമായിരിക്കുന്നു.